പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 242 10.12.2012 - ൽ മറുപടിയ്ക്ക്

## ഡി.വൈ.എഫ്.ഐ. നേതാവ് ടി മനോജിന്റെ കൊലപാതകം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജെയിംസ് മാത്യൂ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) കാസർകോട് ജില്ലയിലെ ഡി.വൈ.എഫ്.ഐ. നേതാവ് ടി. മനോജിനെ (24) കൊലപ്പെടുത്തിയത് സംബന്ധിച്ച പോലീസ് അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; | (എ) മനോജ് മരണപ്പെട്ടത് സംബന്ധിച്ച് ബേക്കൽ പോലീസ് സ്റ്റേഷൻ ക്രൈം നം. 432/12 U/s 143, 147, 148, 341, 323, 324 506(II), 302 r/w 149 IPC ആയി ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി കേസിന്റെ അന്വേഷണത്തിലും, മരണപ്പെട്ട ആളിന്റെ പോസ്റ്റ്മാർട്ടം നടത്തിയ പോലീസ് സർജൻമാർ സാക്ഷ്യപ്പെടുത്തിയതിലും മനോജിന്റെ മരണം ഹൃദയസ്തംഭനമൂലമുള്ള (Death due to Cardiac arrest) സ്വാഭാവിക മരണമാണെന്ന് വെളിവായിട്ടുള്ളതിനാൽ കേസന്വേഷണം പൂർത്തീകരിച്ച് false ആയി പരിഗണിക്കണമെന്നുള്ള വസ്തുത റിപ്പോർട്ട് (factual report) ഇപ്പോൾ പരിശോധനയിലാണ്. |
| (ബി) അന്വേഷണ സംഘത്തിൽപ്പെട്ട പോലീസുകാർ ആരൊക്കെയാണ്; | (ബി) കാഞ്ഞങ്ങാട് അസി. പോലീസ് സൂപ്രണ്ട് ശ്രീ. മഞ്ചുനാഥ് ഐ.പി.എസ്., കാസർഗോഡ് നർക്കോട്ടിക് സെൽ ഡി.വൈ.എസ്.പി. ശ്രീ. പി. തമ്പാൻ,ക്രൈം ഡിറ്റാച്ച്മെന്റ് ഡി. വൈ. എസ്.പി. ശ്രീ. കെ.വി. രഘുരാമൻ, ഹോസ്ദുർഗ് സി.ഐ. ശ്രീ. കെ.വി. വേണുഗോപാലൻ, അഡ്വ. സി.ഐ. ശ്രീ. സതീഷ് കുമാർ, വിദ്യാനഗർ എസ്.ഐ ശ്രീ. കെ. സി. ദിനേശ്, ബേക്കൽ എസ്. ഐ. ശ്രീ. ജോസഫ്, ഹോസ്ദുർഗ് എസ്.ഐ. ശ്രീ. വിജയൻ |

| | | | |
|---|---|---|---|
| | | | ബേക്കൽ പോലീസ് സ്റ്റേഷനിലെ എ. എസ്. ഐ. മാരായ ശ്രീ. ഉണ്ണികൃഷ്ണൻ, ശ്രീ. രാഘവൻ, ശ്രീ. ശശീന്ദ്രൻ, ടി സ്റ്റേഷനിലെ സി.പി.ഒ. മാരായ ശ്രീ. രാമചന്ദ്രൻ, ശ്രീ. മനോജ് കുമാർ, ശ്രീ. സുരേഷ് എന്നിവർ ഉൾപ്പെട്ട പ്രത്യേക അന്വേഷണ സംഘമാണ് മേൽ പറഞ്ഞ കേസ് അന്വേഷണം നടത്തിയത്. |
| (സി) | എത്ര പ്രതികളെ ഇതിനകം അറസ്റ്റ് ചെയ്യുകയുണ്ടായി; അറസ്റ്റ് ചെയ്യപ്പെട്ടവരും ഇന്ത്യൻ യൂണിയൻ ലീഗും തമ്മിലുളള ബന്ധം എന്താണ്; എഫ്.ഐ. ആറിൽ എത്ര പേരുണ്ട്; ആരൊക്കെ ; | (സി) | ഇതു സംബന്ധിച്ച് രജിസ്റ്റർ ചെയ്ത എഫ്. ഐ. ആറിൽ 15 ഓളം പേരെ പ്രതികളായി കാണിച്ചിരുന്നു. എന്നാൽ ടി കേസിന്റെ അന്വേഷണത്തിൽ കുറ്റകൃത്യം നടന്നതായി വെളിപ്പെട്ടിട്ടില്ലാത്തതിനാൽ പ്രതികളായി ആരെയും അറസ്റ്റ് ചെയ്തിട്ടില്ല |
| (ഡി) | കൊലചെയ്യപ്പെട്ട മനോജിന്റെ വീട്ടിൽ മുഖ്യമന്ത്രിയും ആഭ്യന്തര വകുപ്പുമന്ത്രിയും സന്ദർശനം നടത്തുകയുണ്ടായോ; | (ഡി) | ഇല്ല. |
| (ഇ) | മനോജിനെ കൊന്നവരും കൊല്ലിച്ചവരുമായ എല്ലാ പ്രതികളെയും അറസ്റ്റ് ചെയ്യുകയുണ്ടായോ; ഗൂഡാലോചനയ്ക്ക് കേസ് എടുക്കുകയുണ്ടായോ? | (ഇ) | ഉത്തരം 'സി' കണ്ടാലും. |

Joseph

സെക്ഷൻ ഓഫീസർ